**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **15-02-2024 - ൽ മറുപടിയ്ക്ക്**

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം 2-ലാണ് കോട്ടൂളി -സിവിൽ സ്റ്റേഷൻ റോഡ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>പദ്ധതിയുടെ രണ്ടാംഘട്ട ഭരണാനുമതി നൽകുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഭൂമി ഏറ്റെടുത്ത് നൽകേണ്ടത്; | (ബി) | കോട്ടൂളി - സിവിൽ സ്റ്റേഷൻ റോഡ് പ്രവൃത്തിയിൽ 2.8280 H ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട് നഗര പാത വികസന പദ്ധതിയുടെ ഭാഗമായി രൂപികരിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ ഉൾപ്പെട്ട എൽ.എ. യൂണിറ്റാണ് ഭൂമി ഏറ്റെടുക്കുന്നത്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (സി) | ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടപടികളാരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ